"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ5-21226/10

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 10-4-2015

# സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - കിശോരി ശക്തിയോജന ഹെൽത്ത് കാർഡുകൾ അങ്കണവാടികളിൽ ഉപയോഗിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന : 1) സ.ഉ. നം 12/2007/സാനീവ തീയതി 9-1-2007.
2) ഈ കാര്യാലയത്തിൽ നിന്നും നൽകിയ ഹെൽത്ത് കാർഡുകൾ

സൂചന (1)-ലെ ഉത്തരവ് പ്രകാരം കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം മനസ്സിലാക്കുന്നതിന്, രേഖപ്പെടുത്തുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള 1956000എണ്ണം ആരോഗ്യ പരിശോധനാ കാർഡ് പ്രിന്റ് ചെയ്ത് രണ്ട് ഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട് സബല പദ്ധതി നടപ്പിലാക്കുന്ന ഇടുക്കി, മലപ്പുറം, പാലക്കാട്, കൊല്ലം ജില്ലകൾ ഒഴികെയുള്ള 10 ജില്ലാതല പ്രോഗ്രാം ഓഫീസുകളിൽ ടി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്ത കാർഡുകൾ ഒരു അങ്കണവാടിയ്ക്ക് 60 എണ്ണം വീതവും, രണ്ടാംഘട്ടത്തിലേയത് ഒരു അങ്കണവാടിയ്ക്ക് 80 എണ്ണം വീതവുമാണ് വിതരണം ചെയ്യേണ്ടത്.

അങ്കണവാടികളിലെ അഡോളസന്റ് ക്ലബിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10-നും 19-നും ഇടയ്ക്ക് പ്രായമുള്ള പെൺകുട്ടികളുടെ പ്രായത്തിനനുസരിച്ച തൂക്കം BMI രേഖപ്പെടുത്തുകയും, BMI 17.5-ൽ കുറവായ കുട്ടികൾക്ക് അങ്കണവാടി വഴി നൽകുന്ന അനുപൂരക പോഷകാഹാര പരിപാടിയിൽ മുൻഗണന നൽകാവുന്നതുമാണ്. പ്രസ്തുത കാർഡിൽ നിർദ്ദേശിക്കുന്ന ആരോഗ്യ സ്ഥിതി സംബന്ധിച്ച സ്ഥിതി വിവരങ്ങളും രോഗ പ്രതിരോധ കുത്തിവയ്പ്പുകളും കൃത്യമായ കാലയളവിൽ ലഭ്യമാകുന്നുണ്ടെന്ന് അങ്കണ വാടി പ്രവർത്തകർ ഉറപ്പാക്കേണ്ടതും, ഈക്കാര്യത്തിൽ അരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജില്ലാതലപ്രോഗ്രാം ഓഫീസർമാർ
(കൊല്ലം, ഇടുക്കി,പാലക്കാട്,മലപ്പുറം ഒഴികെ)